# ഉയിർപ്പുകാലം

## വചന വിചിന്തനം

### ഉയിർപ്പുകാലം നാലാം ഞായർ

**യോഹ 16,16-33**

"നിങ്ങൾ എന്റെ നാമത്തിൽ പിതാവിനോടു ചോദിക്കുന്നതെന്തും അവിടുന്നു നിങ്ങൾക്കു നൽകും... അതുമൂലം നിങ്ങളുടെ സന്തോഷം പൂർണമാവുകയും ചെയ്യും"
സന്തോഷം പൂർണമാകാൻ ചെയ്യേണ്ടത്, പുത്രൻ വഴി പിതാവിനോട് ബന്ധപ്പെട്ടുകൊണ്ടിരിക്കുക എന്നതുമാത്രമാണ്.

"സന്തോഷം ആരും നിങ്ങളിൽനിന്ന് എടുത്തു കളയുകയുമില്ല..." ദൈവം നൽകുന്ന സന്തോഷം ശാശ്വതമാണ്..!

സന്തോഷമായി മാറ്റപ്പെടുന്ന ദുഃഖങ്ങളെ കുറിച്ചുള്ള പഠനങ്ങളാണ് ക്രിസ്തു വചനഭാഗത്തിലൂടെ സമ്മാനിക്കുന്നത്. ദുഃഖങ്ങളൊന്നും അതിൽ തന്നെ അവസാനിക്കാനുള്ള ഒന്നല്ലെന്നും, ദുഃഖങ്ങൾക്ക് അറുതിയായി സന്തോഷങ്ങൾ ജീവിതത്തിലേയ്ക്ക് വിരുന്നു വരുമെന്നും ക്രിസ്തു പഠിപ്പിക്കുന്നു. പലപ്പോഴും, ജീവിതത്തിൽ വലുതും ചെറുതുമായ ദുഃഖങ്ങൾ വിരുന്നുവരുമ്പോൾ, അതിൽ നാം തീർന്നു എന്നുകരുതുമ്പോഴാണ് കച്ചിതുരുമ്പുപോലെ ജീവിതത്തിലേയ്ക്ക് വലിയ ഇടപെടലുകളായി ദൈവം വിരുന്നു വരുത്തുന്നത്. അങ്ങനെയെങ്കിൽ, ഒന്നുറപ്പാണ്; വേദനകൾ സമ്മാനിക്കുന്നത് ആരാണെന്നറിയില്ലെങ്കിലും, എന്റെ ജീവിതത്തിൽ സന്തോഷവും രക്ഷയും സമാധാനവും പങ്കുവയ്ക്കുന്ന ഇടപെടലുകൾ നടത്തുന്നത് എന്റെ ദൈവം മാത്രമാണ്. ആ ദൈവത്തെ വിളിച്ചപേക്ഷിക്കുന്നവർക്ക്, ആ ദൈവത്തോട് ചേർന്ന് നിൽക്കുന്നവർക്ക് ദുഃഖം സന്തോഷമാക്കി മാറ്റാം.

ദുഃഖം സന്തോഷമായി മാറ്റപ്പെടും എന്നു പഠിപ്പിക്കുന്നതിന് ക്രിസ്തു തിരഞ്ഞെടുക്കുന്ന ഉപമേയം കുഞ്ഞിന് ജന്മം നൽകുന്ന സ്ത്രീയെയാണ്. പ്രസവവേദന ഈ ലോകം കണ്ടിട്ടുള്ളവയിൽ വച്ചുള്ള വലിയ വേദനകളിൽ ഒന്നാണ്. എന്നിട്ടും, ഓരോ സ്ത്രീയും വലിയ സന്തോഷത്തോടെ, അഭിമാനത്തോടെ കുഞ്ഞുങ്ങൾക്ക് ജന്മം നൽകുന്നു. കാരണം, തങ്ങളുടെ മക്കളിലൂടെ തങ്ങളുടെ തലമുറ തലയുയർത്തി നിൽക്കണം എന്നതിനേക്കാൾ ഉപരിയായി ജന്മം നൽകി കഴിയുമ്പോൾ ആ കുഞ്ഞിന്റെ മുഖം കാണുമ്പോൾ അമ്മയുടെ ദുഃഖം തിരോഭവിക്കുകയും സന്തോഷം ഇരട്ടിയാവുകയും ചെയ്യുന്നു എന്നുള്ളതുകൊണ്ടാണ്. ദൈവത്തെ തേടാനും അനുഭവിക്കാനും തിരുമുഖദർശനം സാധ്യമാക്കാനും ഇത്രമാത്രം അദ്ധ്വാനിക്കുകയും കഷ്ടപ്പെടുകയും വേണം എന്നുതന്നെയാണ് വചനം പഠിപ്പിക്കുന്നത്.

ക്രിസ്തുവിനെ അനുഭവിക്കുന്നവരുടെ ജീവിതത്തെ സംക്ഷേപകമായി ക്രിസ്തു തന്നെ കുറിക്കുന്നത് ഇപ്രകാരമാണ്;

"സ്ത്രീക്കു പ്രസവവേദന ആരംഭിക്കുമ്പോൾ അവളുടെ സമയം വന്നതുകൊണ്ട് അവൾക്കു ദുഃഖം ഉണ്ടാകുന്നു. എന്നാൽ, ശിശുവിനെ പ്രസവിച്ചുകഴിയുമ്പോൾ ഒരു മനുഷ്യൻ ലോകത്തിൽ ജനിച്ചതുകൊണ്ടുള്ള സന്തോഷം നിമിത്തം ആ വേദന പിന്നീടൊരിക്കലും അവൾ ഓർമിക്കുന്നില്ല. അതുപോലെ ഇപ്പോൾ നിങ്ങളും ദുഃഖിതരാണ്. എന്നാൽ, ഞാൻ വീണ്ടും നിങ്ങളെ കാണും. അപ്പോൾ നിങ്ങളുടെ ഹൃദയം സന്തോഷിക്കും. നിങ്ങളുടെ ആ സന്തോഷം ആരും നിങ്ങളിൽനിന്ന് എടുത്തു കളയുകയുമില്ല" (യോഹ 16,21-22).

ക്രിസ്തുവിനെ തേടാനും അനുഭവിക്കാനും ഒരുപാട് കഷ്ടപ്പെടണം. എന്നാൽ, അവനെ തേടി കണ്ടെത്തുമ്പോൾ ജീവിതത്തിലെ എല്ലാ ദുഃഖങ്ങളും സന്തോഷങ്ങളായി

മാറ്റപ്പെടും. ആ സന്തോഷം വലിയ സന്തോഷമാണ്. ആ സന്തോഷത്തിന്റെ വലിയ പ്രത്യേകത; "ആ സന്തോഷം ആരും നിങ്ങളിൽനിന്ന് എടുത്തു കളയുകയുമില്ല" എന്നുള്ളതാണ്. അത് ശാശ്വതമായ സന്തോഷമാണ്. ആ സന്തോഷമാണ് ആഗ്രഹിക്കുന്നതെങ്കിൽ, അടക്കാനാകാത്ത അഭിനിവേശത്തോടെ ദൈവത്തേ തേടുക... കണ്ടെത്തുക... അനുഭവിക്കുക...

ഇങ്ങനെ ദൈവത്തെ തേടി കണ്ടെത്തുന്നവരുടെ അടുത്ത് ദൈവം പറയുന്ന ഇപ്രകാരമായിരിക്കും; "ഇതുവരെ നിങ്ങൾ എന്റെ നാമത്തിൽ ഒന്നുംതന്നെ ചോദിച്ചിട്ടില്ല. ചോദിക്കുവിൻ, നിങ്ങൾക്കു ലഭിക്കും; അതുമൂലം നിങ്ങളുടെ സന്തോഷം പൂർണമാവുകയും ചെയ്യും" (യോഹ 16,24). ചുരുക്കത്തിൽ, വചനഭാഗത്തിലൂടെ ക്രിസ്തു പറയുന്നത് ഇപ്രകാരമാണ്; "നിങ്ങൾ എന്റെ നാമത്തിൽ ചോദിക്കുന്നതെല്ലാം നിങ്ങൾക്ക് ലഭിക്കും" എന്നതാണ്. ക്രിസ്തുവെന്ന നാമം അത്രമാത്രം ആധികാരികമാണ്... ഒപ്പം, ശക്തവുമാണ്... ആ നാമത്തിന്റെ ശക്തി നാം തിരിച്ചറിയാത്തതുകൊണ്ടാണ്, പലപ്പോഴും, അനുഗ്രഹങ്ങൾ സമ്മാനിക്കാൻ കഴിവുള്ള അനുഗ്രഹദാതാവിനോട് ചേർന്ന് നിൽക്കാത്തത്. വചനം ഉറപ്പ് തരുന്നു;

"ചോദിക്കുവിൻ, നിങ്ങൾക്കു ലഭിക്കും; അന്വേഷിക്കുവിൻ, നിങ്ങൾ കണ്ടെത്തും; മുട്ടുവിൻ, നിങ്ങൾക്കു തുറന്നുകിട്ടും" (മത്താ 7,7).

എങ്കിൽ, നമുടെ ജീവിതത്തിന്റെയും കുടുംബത്തിന്റെയും ശാന്തിയും സമാധാനവും സ്നേഹവും ലക്ഷ്യമുണ്ടെങ്കിൽ, അത് ചോദിച്ചുവാങ്ങേണ്ട ഇടം ക്രിസ്തുവിന്റെ തിരുസന്നിധി തന്നെയാണ്. കാരണം, അവനിൽ അഭയംതേടിയവരാരും നിരാശരായി മടങ്ങേണ്ടി വന്നിട്ടില്ല. ഇന്ന് പലപ്പോഴും നമുക്ക് സംഭവിക്കുന്നത്, ഈ സമയം പ്രാർത്ഥിച്ച് അടുത്ത നിമിഷം അനുഗ്രഹം കിട്ടിയില്ലെങ്കിൽ വലിയ സങ്കടമാണ്... ദൈവത്തോട് വലിയ പരിഭവമാണ്. പിന്നെ, ദൈവത്തിൽ നിന്ന് അകൽച്ചയാണ്.

"നിങ്ങളുടെ ദുഃഖം സന്തോഷമായി മാറും..." ദുഃഖങ്ങളൊന്നും അതിൽ തന്നെ അവസാനിക്കുന്നവയല്ല. മറിച്, സന്തോഷമായി മാറ്റപ്പെടുന്നവയാണ്.

ഒരിക്കൽ ഒരു മനുഷ്യൻ ഈശ്വരനോട് ഇപ്രകാരം പ്രാർത്ഥിച്ചു;

"അല്ലയോ ദൈവമേ, എനിക്ക് മനോഹരമായ ഒരു പൂവും, മനോഹരമായ ഒരു ചിത്രശലഭവും തന്നു എന്നെ അനുഗ്രഹിക്കണം. അതാണ് ഞാൻ ഈ ജീവിതത്തിൽ ഏറ്റവും ഇഷ്ടപെടുന്ന കാര്യങ്ങൾ."

ദൈവം അയ്യാളുടെ പ്രാർത്ഥന കേട്ടു. ഏതാനും ദിവസം കഴിഞ്ഞപ്പോൾ ദൈവം അയാൾക്ക് ഒരു കള്ളിമുൾച്ചെടിയും, പിന്നെ ഒരു പുഴുവിനേയും കൊടുത്തു. ഇത് കണ്ടപ്പോൾ അയാൾക്ക് ആകെ സങ്കടം ആയി... ദൈവം ഇനി മറന്നു പോയത് ആയിരിക്കുമോ??? അയാൾക്ക് ദൈവത്തോട് കോപവും ഒപ്പം സങ്കടവും വന്നു. അയ്യാൾ അത് പരസ്യമായി പ്രകടിപ്പിക്കുകയും ചെയ്തു. പള്ളിയിൽ പോകാതായി... പ്രാർത്ഥനകൾ ചെല്ലാതെയായി... നിരീശ്വരവാദിയായി ദൈവമില്ല എന്ന് പറഞ്ഞ് നടക്കലായി.

ദിവസങ്ങൾ കഴിഞ്ഞു പോയി.ഈ കള്ളിമുൾച്ചെടി വളർന്നു വലുതായി. പുഴുവിലും വന്നു ചില മാറ്റങ്ങൾ. ഒരു നാൾ അയാൾ നോക്കിയപ്പോൾ ആ കള്ളിമുൾച്ചെടിയിൽ മനോഹരമായ ഒരു പൂവ് വിരിഞ്ഞു നിൽക്കുന്നു... ആരെയും കൊതിപ്പിക്കുന്ന മനോഹാരിത... അയാൾ എല്ലാം മറന്ന് അത് നോക്കി നിന്നു. അല്പം കഴിഞ്ഞു ദൈവം തനിക്കു തന്ന ആ പുഴുവിനെ നോക്കി. അയ്യാൾക്ക് വിശ്വസിക്കാനായില്ല;

"ആ പുഴുവിന് വലിയ രൂപമാറ്റം വന്നിരിക്കന്നു. താൻ ആഗ്രഹിച്ചതിനേക്കാൾ സുന്ദരിയായ ഒരു ചിത്രശലഭം ആയി മാറി ഇരിക്കുന്നു"

വചനം ഉറപ്പ് തരുന്നു;

"ചോദിക്കുവിൻ, നിങ്ങൾക്കു ലഭിക്കും; അന്വേഷിക്കുവിൻ, നിങ്ങൾ കണ്ടെത്തും; മുട്ടുവിൻ, നിങ്ങൾക്കു തുറന്നുകിട്ടും" (മത്താ 7,7).

"ഇതുവരെ നിങ്ങൾ എന്റെ നാമത്തിൽ ഒന്നുംതന്നെ ചോദിച്ചിട്ടില്ല. ചോദിക്കുവിൻ, നിങ്ങൾക്കു ലഭിക്കും; അതുമൂലം നിങ്ങളുടെ സന്തോഷം പൂർണമാവുകയും ചെയ്യും"

(യോഹ 16,24).

ഇന്ന് അല്ലെങ്കിൽ നാളെ ദൈവം ഓരോരുത്തരെയും അനുഗ്രഹിക്കും... പ്രതീക്ഷ കൈവിടാതെ ക്ഷമയോടെ കാത്തിരിക്കുക. പ്രാർത്ഥനയിൽ ചേർക്കേണ്ട ഏറ്റവും പ്രധാനപ്പെട്ട രണ്ട് ചേരുവകകൾ;

1. വിശ്വാസം

2. പ്രത്യാശ

വിശ്വാസത്തോടുകൂടെയുള്ള പ്രാർത്ഥന പ്രത്യാശയോടുകൂടെ അനുഗ്രഹങ്ങൾ സ്വന്തമാക്കാൻ സഹായിക്കുന്നവയാണ്. ദൈവത്തിലുള്ള വിശ്വാസം കുറയുമ്പോൾ പ്രത്യാശ തിരോഭവിക്കും. പ്രത്യാശയുടെ കുറവ് പ്രതീക്ഷയുടെ അസ്തമയമാണ്. അവ ജീവിതത്തെ നിരാശയിലേയ്ക്ക് ആനയിക്കും. ജീവിത്തെ പ്രത്യാശയോടെ നോക്കാൻ സാധിക്കണം. പ്രസവവേദന അനുഭവിക്കുന്ന സ്ത്രീക്ക് പ്രത്യാശയുണ്ട്; "എന്റെ ജീവിതം ഇതിൽ അവസാനിക്കില്ല. എനിക്ക് എന്റെ കുഞ്ഞിന്റെ മുഖം കാണാൻ സാധിക്കുമെന്നു." ഈ പ്രത്യാശയാണ് കുഞ്ഞിന് ജന്മം നൽകാൻ അവളെ ശക്തയാക്കുന്നത്. എങ്കിൽ, സഹനങ്ങളിൽ നിരാശരാകാതിരിക്കുക. കാരണം, കരിങ്കല്ലിൽ കന്മദം കാത്തിരിക്കുന്നതുപോലെ സഹനങ്ങൾക്കപ്പുറം സന്തോഷങ്ങളുണ്ട്.

"നിങ്ങൾ കരയുകയും വിലപിക്കുകയും ചെയ്യും; എന്നാൽ ലോകം സന്തോഷിക്കും..." ഓർക്കുക, നിങ്ങളുടെ വേദനകൾ നിങ്ങൾക്കുമാത്രമാണ് വേദനയായ് മാറ്റപ്പെടുന്നത്!

ചുരുക്കത്തിൽ, ക്രിസ്തുവിനെ തേടുന്നവർ, ക്രിസ്തുവിനെ സ്വന്തമാക്കാൻ ആഗ്രഹിക്കുന്നവർ പ്രത്യാശയോടെ ജീവിക്കുന്നവരായിരിക്കണം. പ്രത്യാശയുടെ പാഠങ്ങൾ മരിച്ചവരിൽ നിന്ന് ഉയർത്തുവന്ന് പഠിപ്പിച്ച ക്രിസ്തുവിനെയാണ് ഞാൻ സമീപിച്ചിരിക്കുന്നത് എന്ന് തിരിച്ചറിയാൻ സാധിക്കണം. സ്ത്രീക്ക് പ്രസവവേദന അനുഭവിക്കാൻ ശക്തി സ്വന്തമാക്കണമെങ്കിൽ, സഹനങ്ങളിൽ അടിപതറാതെ ദൈവത്തോട് ചേർന്നുനിൽക്കണമെങ്കിൽ പ്രത്യാശയാകുന്ന പടത്തൊപ്പി ധരിച്ചു സുബോധമുള്ളവരായിരിക്കണം. കാരണം, വചനം പറയുന്നു;

"പകലിൻെറ മക്കളായ നമുക്കു വിശ്വാസത്തിൻെറയും സ്നേഹത്തിൻെറയും കവചവും രക്ഷയുടെ പ്രത്യാശയാകുന്ന പടത്തൊപ്പിയും ധരിച്ചു സുബോധമുള്ളവരായിരിക്കാം" (1 തെസ 5,8).

**"പ്രത്യാശയുള്ളവൻ**
**അവിടുന്നു പരിശുദ്ധനായിരിക്കുന്നതുപോലെ**
**തന്നെത്തന്നെ വിശുദ്ധനാക്കുന്നു."**
1 യോഹ 3,3

ഫാ. ജോബി മേനോത്ത്
+91 9447777931